സമഗ്ര ശിക്ഷാ, കേരളം

A

# വാർഷിക മൂല്യനിർണയം 2019-20

705

## സാമൂഹ്യശാസ്ത്രം


ക്ലാസ് : 7 | സമയം: 2 മണിക്കൂർ

exam WINNER®

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. നൽകിയിരിക്കുന്ന 10 പ്രവർത്തനങ്ങളിൽ 8 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി
3. തെരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളിലെ ... എല്ലാ ഉപ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ട

**പ്രവർത്തനം 1**

- **ജനാധിപത്യത്തിന്റെ വിജയത്തിനും പൗരൻമാരുടെ സമ്പൂർണവികാസത്തിനും ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങൾ.**




exam WINNER®

എ) ഈ അഭിപ്രായത്തിൽ കുട്ടിയുടെ ഏതെല്ലാം മൗലികാവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്?

ബി) പൗരന്റെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ സമീപിക്കേണ്ടത് എവിടെയാണ് ?

സി) ഓരോ പൗരനും ഉറപ്പായി നിറവേറ്റേണ്ട കർത്തവ്യങ്ങളാണ് മൗലിക കർത്തവ്യങ്ങൾ. ഏതെങ്കിലും രണ്ട് മൗലിക കർത്തവ്യങ്ങൾ എഴുതുക.

**പ്രവർത്തനം 2**

- **ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവയിൽ ഏതെങ്കിലുമൊരു മണ്ഡലത്തിൽ ഉണ്ടാകുന്ന ആഘാതങ്ങൾ മറ്റു മണ്ഡലങ്ങളെയും ബാധിക്കും.**

നിയമ വിധേയമല്ലാത്ത ബഹുനില കെട്ടിടങ്ങ' പടുത്തുയർത്തുന്നു.

...യകൃഷിയുടെ സ്ഥല വിസ്തൃതി കുറഞ്ഞു വരുന്നു

എ) കേരളത്തിൽ നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന പ്രകൃതിക്കിണങ്ങാത്ത പ്രവർത്തനങ്ങളാണിവ. ഇതുപോലുള്ള പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള നിങ്ങളുടെ നിർദേശങ്ങൾ എഴുതുക.

ബി) താഴെ തന്നിട്ടുള്ളവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

**ഭക്ഷണം, ശിലാമണ്ഡലം, വായുമണ്ഡലം**

| ഘടകങ്ങൾ | പ്രദാനം ചെയ്യുന്ന മണ്ഡലം |
|---|---|
| പാർപ്പിടം | |
| - | ...മണ്ഡലം |

exam WiNNER

**പ്രവർത്തനം 3**

- **ചില കൂട്ടുകാർക്കൊപ്പം ഇടപഴകുമ്പോൾ നാം അറിന്... സ്വായത്തമാക്ക**

exam WiNNER

മദ്യപാനം, ... തുടങ്ങിയ ദുശ്ശീലങ്ങൾക്ക് ചിലകൂട്ടുകാർ പ്രേരിപ്പിക്കുന്നു

...പ...ധുമുതലുകൾ ...ംപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

എ) ഇത്തരം പ്രവണതകൾ സാമൂഹീകരണത്തിന് സഹായകരമാണോ?

ബി) സാമൂഹീകരണത്തിൽ വിദ്യാലയങ്ങൾ, മാധ്യമങ്ങൾ എന്നിവ വഹിക്കുന്ന പങ്ക് വിശദീകരിക്കുക.

**പ്രവർത്തനം 4**

- **ഇന്ത്യയിൽ കൂടുതൽ ജനസംഖ്യയുള്ള പ്രദേശമാണ് ഉത്തരേന്ത്യൻ സമതലങ്ങൾ**

എ) ഉത്തരേന്ത്യൻ സമതലം ഉൾപ്പെടുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ഏതെല്ലാം?

ബി) ഉത്തരമഹാസമതലം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. ഇങ്ങനെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടായിരിക്കാം? വിശദീകരിക്കുക.

**പ്രവർത്തനം 5**

- **കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തകർച്ച പണ്ഡിതൻമാരുടെയും കലാകാരന്മാരുടെയും-സാഹിത്യകാരൻമാരുടെയും, പലായനത്തിന് കാരണമായി. അവരിൽ വലിയൊരു വിഭാഗം ഇറ്റലിയിലാണ് എത്തിച്ചേർന്നത്.**

എ) പണ്ഡിതൻമാരെയും കലാകാരന്മാരെയും സാഹിത്യകാരൻമാരെയും ഇറ്റലിയിലേക്ക് ആകർഷിക്കാൻ ഇടയാക്കിയ സവിശേഷതകൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.

- (മുകളിൽ) -
- (ഇടത്ത്) -
- (നടുവിൽ) ഇറ്റലി
- (വലത്ത്) ത... ...സ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്
- (താഴെ) -

exam WiNNER

ബി) മധ്യകാല യൂറോപ്പിലെ സാഹിത്യത്തിന്റെ സവിശേഷതകൾ കുറിക്കു

**പ്രവർത്തനം 6**

- **അന്തരീക്ഷ സ്ഥിതിയിലുണ്ടാകുന്ന മാറ്റം വിവിധ ഘടകങ്ങളുടെ സ്വാധീനം മൂലമാണ്.**

എ) വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏതെല്ലാം?

വർഷണം


exam WINNER

ബി) ദിനാന്തരീക്ഷസ്ഥിതിയും, കാലാവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്താണ്

സി) അന്തരീക്ഷത്തിന്റെ ലോലസന്തുലനം കാത്തുസൂക്ഷിക്കേണ്ടത് ന... ...ആവശ്യമാണെന്നു പറയാനുള്ള കാരണങ്ങൾ എന്തെല്ലാം?

**പ്രവർത്തനം 7**


- **വ്യക്തികളുടെ കൂട്ടായ്മയിൽ നിന്നാണ് സമൂഹം ഉണ്ടാകുന്നത്. നല്ല വ്യക്തികൾ സമൂഹത്തിന്റെ വളർച്ചയിലും മാറ്റത്തിലും മുഖ്യപങ്ക് വഹിക്കുന്നു.**



ഗാന്ധിജി



രാജാറാം മോഹൻ റോയ്



ശ്രീനാരായണഗുരു

എ) സമൂഹ നന്മയ്ക്ക് ഇവർ നൽകിയ സംഭാവനകൾ എന്തെല്ലാമാണ്? കുറിപ്പ് തയാറാക്കുക.

ബി) പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന വ്യക്തികളുടെ കൂട്ടമാണ് 'സമാജം'. സമാജത്തിന്റെ സവിശേഷതകൾ എന്തെല്ലാം?.

**പ്രവർത്തനം 8**

- **കേരളത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾക്കെതിരെ നിരവധി സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു.**

എ)

"കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേകവംശത്തിൻ
ചരിത്രങ്ങൾ........"

ഈ വരികളിലൂടെ അധഃസ്ഥിത വിഭാഗങ്ങളുടെ സാമൂഹികപരിഷ്കരണത്തിന് ശ്രമിച്ച നവോത്ഥാന നായകൻ ആരാണ്?

ബി) പട്ടിക പൂർത്തിയാക്കുക

| പരിഷ്കർത്താക്കൾ | പ്രസ്ഥാനം | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| - | സമത്വസമാജം | മേൽമുണ്ട് ധ… രോധനത്തിനെ തി… …ധിച്ചു |
| വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘ… | - |
| - | | വില്ലുവണ്ടിയിലെ ചരിത്രയാത്ര |

**പ്രവർത്തനം 9**

- **ലോകത്ത് എഴുതപ്പെട്ടിട്ടുള്ളതും എഴുതപ്പെടാത്തതുമായ ഭരണഘടനകൾ ഉണ്ട്**

എ) ചുവടെ നൽകിയിരിക്കുന്ന രാജ്യങ്ങളെ പട്ടികപ്പെടുത്തുക.

| |
|---|
| **ആസ്ട്രേലിയ, ബ്രിട്ടൺ, ബ്രസീൽ, ഫ്രാൻസ്** |

| എഴുതപ്പെട്ട ഭരണഘടന | എഴുതപ്പെടാത്ത ഭ…ഘടന |
|---|---|
| | |

exam WiNNER®


ബി) ഇന്ത്യയിൽ സംയുക്തഭരണവ്യവസ്ഥയ… …ചവിലുള്ളത്. സംയുക്തഭരണ വ്യവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാം?

സി) എല്ലാ അധികാരവും കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാണെങ്കിൽ ആ ഭരണവ്യവസ്ഥയ്ക്ക് പറയുന്ന പേരെന്ത്?

**പ്രവർത്തനം 10**

നൽകിയിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ ഭൂപ്രകൃതി വിഭാഗങ്ങൾ അടയാളപ്പെടുത്തുക.

പ്രവർത്തനം 10




(ഉത്തരങ്ങൾ രേഖപ്പെടുത്തിയതിനു ശേഷം ഉത്തരക്കടലാസിനോടൊപ്പം രൂപരേഖ തിരികെ നൽകുക)

(TB page No. 163)